(സി) 1997-98, 1998-99 എന്നീ സാമ്പത്തികവർഷങ്ങളിൽ ജനകീയാസൂത്രണത്തിനായി നീക്കിവച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്താണ്;

(ഇ) ഈ രണ്ട് സാമ്പത്തികവർഷങ്ങളിലും പണം ചെലവഴിക്കുന്നതിന് സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ജി) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ സമിതികളുടെ പ്രവർത്തനം ഏതുവരെ തുടരാനാണ് ഉദ്ദേശിക്കുന്നത്;

(എച്ച്) എക്സ്പെൻസ് കമ്മിറ്റികൾ തുടങ്ങേണ്ടതില്ലെന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) 1020 കോടി രൂപ

(ബി) തുകയൊന്നും നൽകിയിട്ടില്ല.

(സി) ഇല്ല.

(ഡി) ആദ്യ സംരംഭമെന്ന നിലയിലുള്ള പരിചയക്കുറവും പരിശീലനത്തിനുവേണ്ടിവന്ന സമയദൈർഘ്യവും മൂലം 1997-98-ലെ പദ്ധതി നിർവ്വഹണ കാലാവധി 30.6.1998 വരെ ദീർഘിപ്പിച്ചു നൽകേണ്ടി വന്നു. സമയപരിമിതിയും പരിചയക്കുറവുമൂലം ആ വർഷം പദ്ധതിവിഹിതം പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചില്ല.

1998-99-ലെ പദ്ധതി പ്രവർത്തനങ്ങൾ 30.6.1998-നുശേഷമേ ആരംഭിച്ചുള്ളൂ. ഓരോ വർഷവും പദ്ധതി നിർവ്വഹണ കാലാവധി ദീർഘിപ്പിച്ചു നൽകിയാൽ പദ്ധതി പൂർത്തീകരണം അനന്തമായി നീണ്ടു പോകുമെന്നതിനാലും അടുത്ത വർഷത്തെ പദ്ധതി യഥാസമയം ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ടതിനാലും 1998-99 വർഷത്തെ പദ്ധതി നിർവഹണകാലാവധി ദീർഘിപ്പിച്ചു നൽകാത്തതിനാൽ പദ്ധതിവിഹിതം പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചില്ല.

(ഇ)&(എഫ്) 1997-98-ൽ 30.6.1998 വരെ സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. 1998-99-ൽ സമയം ദീർഘിപ്പിച്ചു നൽകിയിട്ടില്ല.

(ജി) തദ്ദേശ സ്ഥാപനങ്ങൾക്ക് വിദഗ്ദ്ധ സമിതികളുടെ സേവനം ലഭിക്കുന്നതുവരെ.

(എച്ച്) ഉദ്യോഗസ്ഥ പുനർവിന്യാസം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

89 (591) ജനകീയാസൂത്രണത്തിനായി അനുവദിക്കപ്പെട്ട തുകയുടെ വിനിയോഗം

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ജനകീയാസൂത്രണ പരിപാടികളുടെ നടത്തിപ്പിനായി 1998-99 വർഷം നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി എന്താണെന്ന് വിശദീകരിക്കുമോ;

(ബി) 31.3.1999 വരെ ഓരോ ജില്ലയിലും ഓരോ വിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എന്തു തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(സി) ഇത് 1998-99 വർഷം അനുവദിക്കപ്പെട്ട തുകയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ജനകീയാസൂത്രണത്തിനായി ഓരോ വർഷവും എന്തു തുക നീക്കിവച്ചുവെന്നും അവയുടെ എത്ര ശതമാനം വിനിയോഗിക്കപ്പെട്ടുവെന്നും വെളിപ്പെടുത്തുമോ;

(ഇ) ഇക്കാലയളവിൽ ഓരോ വർഷവും ജനകീയാസൂത്രണ പരിപാടികളുടെ പ്രചരണത്തിനായി മാത്രം എന്തു തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(എഫ്) ഇപ്രകാരമുള്ള പ്രചരണ പരിപാടികളിലൂടെ ഉദ്ദേശ ലക്ഷ്യം നേടാനായിട്ടുണ്ടോയെന്നറിയിക്കുമോ;

(ജി) നടപ്പു സാമ്പത്തിക വർഷത്തെ ജനകീയാസൂത്രണ പരിപാടിയുടെ ഓരോ ഘട്ടത്തേയും സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ആധുനിക വിവരശേഖരണ ശൃംഖലയുടെ അപര്യാപ്തതയാൽ 1997-98, 1998-99 വർഷങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണമായി വിലയിരുത്താൻ സാധിച്ചിട്ടില്ല.

(ബി) പദ്ധതി ചെലവു സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല. ലഭ്യമായ താൽക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ 1997-98 വർഷം സംസ്ഥാനത്തെ 1117 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 669.4 കോടി രൂപയിൽ 30.6.1998 വരെ 640.6 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് 95.7% വരും. ശേഷിക്കുന്ന സ്ഥാപനങ്ങളിലെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

(സി) 1998-99 വർഷത്തെ വിശദാംശങ്ങൾ ലഭ്യമല്ല.

(ഡി) 1997-98-ൽ 749 കോടി രൂപ നീക്കിവച്ചു. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 95.7% ചെലവഴിച്ചു.

1998-99-ൽ 950 കോടി രൂപ നീക്കിവച്ചു. ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

1999-2000-ൽ 1020 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. വിനിയോഗം ആരംഭിച്ചിട്ടേയുള്ളൂ.

(ഇ) പ്രചരണത്തിനു മാത്രമായി ചെലവഴിച്ച തുക സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമല്ല.

(എഫ്) ഏറെക്കുറെ നേടാനായിട്ടുണ്ട്.

(ജി) നടപ്പുവർഷത്തെ പദ്ധതിരേഖ തയ്യാറാക്കി പരിശോധന പൂർത്തിയായിവരുന്നു. ഒന്നാം ഗഡു അനുവദിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചുകഴിഞ്ഞു. പദ്ധതിരേഖകൾക്ക് അംഗീകാരം ലഭിച്ച സ്ഥാപനങ്ങൾക്ക് ഒന്നാം ഗഡു ലഭിച്ചുതുടങ്ങി.

LIBRARY ARCHIVES Kerala Legislative Assembly